# പത്രക്കുറിപ്പ്

1. ലോക് ഡൗൺ മൂലം മഹാത്മാഗാന്ധി സർവകലാശാലയുടെ പ്രവർത്തന പരിധിക്ക് പുറമേയുള്ള ജില്ലകളിലും ലക്ഷദ്വീപിലും കുടുങ്ങി പോയിട്ടുള്ള റഗുലർ,പ്രൈവറ്റ് ബിരുദ വിദ്യാർഥികൾക്ക് സർവ്വകലാശാലയുടെ വെബ്സൈറ്റ് വഴി അതാത് ജില്ലകളിലോ, ലക്ഷ ദ്വീപിലോ പരീക്ഷ എഴുതുന്നതിനുള്ള ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്.
2. മഹാത്മാഗാന്ധി സർവകലാശാലയുടെ അധികാര പരിധിക്കുള്ളിൽ വരുന്ന ജില്ലകളിൽ പഠിക്കുന്ന റഗുലർ വിദ്യാർത്ഥികൾ ലോക് ഡൗൺ മൂലം തങ്ങൾ പഠിക്കുന്ന കോളേജ് സ്ഥിതി ചെയ്യുന്ന ജില്ലയിൽ നിന്നും മാറി മറ്റ് ജില്ലയിൽ ആണ് ഉള്ളതെങ്കിൽ, പഠിക്കുന്ന കോളജിൽ വന്ന് പരീക്ഷയെഴുതാൻ സാധിക്കാത്ത സാഹചര്യമെങ്കിൽ മാത്രം അവർക്കും തങ്ങൾ അകപ്പെട്ട ജില്ലയിൽ തന്നെ പരീക്ഷയെഴുതാനുള്ള ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്.
3. മഹാത്മാഗാന്ധി സർവകലാശാലയുടെ അധികാര പരിധിക്കുള്ളിൽ വരുന്ന ജില്ലകളിലെ കോളജുകളിൽ പരീക്ഷയെഴുതി വന്ന പ്രൈവറ്റ് വിദ്യാർത്ഥികൾ ലോക് ഡൗൺ മൂലം തങ്ങൾ പരീക്ഷയെഴുതേണ്ട കോളേജ് സ്ഥിതി ചെയ്യുന്ന ജില്ലയിൽ നിന്നും മാറി മറ്റ് ജില്ലയിൽ ആണ് ഉള്ളതെങ്കിൽ, പ്രസ്തുത കോളജിൽ വന്ന് പരീക്ഷയെഴുതാൻ സാധിക്കാത്ത സാഹചര്യമെങ്കിൽ മാത്രം, അവർക്കും തങ്ങൾ അകപ്പെട്ട ജില്ലയിൽ തന്നെ പരീക്ഷയെഴുതാനുള്ള ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്.
4. പരീക്ഷ എഴുതുന്ന ജില്ല മാത്രമാണ് വിദ്യാർത്ഥികൾ ഓപ്ഷൻ വഴി തിരഞ്ഞെടുക്കേണ്ടത്. പരീക്ഷാ കേന്ദ്രങ്ങൾ സർവകലാശാല നിശ്ചയിച്ച് അറിയിക്കുന്നതാണ്.
5. ആറാം സെമസ്റ്റർ റഗുലർ ബിരുദ വിദ്യാർത്ഥികൾക്കും ആറാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷനിലുള്ള വിദ്യാർത്ഥികൾക്കും മാത്രമായി ഈ സൗകര്യം പരിമിതപ്പെടുത്തിയിരിക്കുന്നു. സർവ്വകലാശാലാ വെബ് സൈറ്റിൽ പ്രവേശിച്ച് Exam registration portal വഴി 22.05.2020 മുതൽ 24.05.2020 വരെ ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്. വൈകി ഓപ്ഷൻ സമർപ്പിക്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല.
6. ടൈം ടേബിളും, ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്കായി നിശ്ചയിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളും പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. ഓപ്ഷൻ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിച്ച പ്രിന്റ് ഔട്ട്, ഹാൾ ടിക്കറ്റ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് എന്നിവ പരീക്ഷയ്ക്ക് ഹാജരാകുമ്പോൾ പരിശോധനക്ക് സമർപ്പിക്കേണ്ടതാണ്.

21/5/2020

പരീക്ഷാ കൺട്രോളർ